

THURSDAY 28.12.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/12/2023

1. കേരള കാർഷിക സർവകലാശാലയുടെ ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട് 2024 ജനുവരി 4 മുതൽ 14 വരെ ഫാം കാർണിവൽ സംഘടിപ്പിക്കുന്നു. കാർഷിക വൃത്തിയിലെ നൂതന സാങ്കേതിക വിദ്യകളും, ശാസ്ത്രീയ കൃഷി മാതൃകകളുടെ ഒരു ലൈവ് പ്രദർശനവും വിവിധ വിളകളിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിവിധ തരം നടീൽ വസ്തുക്കളുടെ വിപണനവും, കൃഷി അനുബന്ധ മേഖലകളുടെ പ്രദർശനവും ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഫാം കാർണിവൽ വിഭാവനം ചെയ്തിരിക്കുന്നത്. ഭക്ഷ്യ സുരക്ഷ, പോഷകാഹാര സുരക്ഷ, പ്രകൃതി സുരക്ഷ എന്നിവ പഠിപ്പിക്കുന്ന ഭക്ഷ്യ വിളകളുടെ മാതൃകാ തോട്ടങ്ങളും, വിവിധ വിളകളുടെ ബയോ പാർക്കുകളും, കൃഷിയിട പ്രദർശനങ്ങളും, കൃഷിയിട പരിശീലനങ്ങളും ഫാം കാർണിവലിൽ ഒരുക്കുന്നു. ഒപ്പം വിവിധ മേഖലകളിൽ പ്രായോഗിക പ്രവൃത്തി പരിശീലനവും ഉണ്ടാകും. എല്ലാ ദിവസവും കാർഷിക ഡോക്യുമെന്ററി പ്രദർശനവും, ആഗ്രോ ക്ലിനിക്കും ഉണ്ടാകും. കൃഷിയും, ഭക്ഷണവും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടതാണെന്ന സന്ദേശം നൽകുന്ന health corner പ്രത്യേകം സജ്ജമാക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ: **9895514994**

2. കൊല്ലം ചിന്നക്കടയിൽ കാഷ്യൂ കോർപ്പറേഷൻ ഒരുക്കിയിട്ടുള്ള മൂല്യവർധിത ഉത്പന്നപ്രദർശന വിപണന മേള ക്രിസ്തുമസ്, ന്യൂ ഇയർ പ്രമാണിച്ച് ഡിസംബർ 31 വരെ തുടരും. കശുവണ്ടിപ്പരിപ്പിനും മൂല്യവർധിത ഉത്പന്നങ്ങൾക്കും 30 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകളും ലഭിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

4. ക്ഷീരവികസന വകുപ്പിന്റെ എം എസ് ഡി പി പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ 'ഹീഫർ യൂണിറ്റ്' നടപ്പിലാക്കുന്നതിന് അപേക്ഷിക്കാം. വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുമായോ **0474 2748098** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 30.

5. സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) പേട്ടയിലുള്ള ഹെഡ് ഓഫീസിൽ 60 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ട കോഴികൾ സ്റ്റോക്ക് തീരുന്നതുവരെ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9495000915, 0471 2468585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. കാർഷികപ്പെരുമയുടെ നേർക്കാഴ്ച ഒരുക്കി 14 ആമത് ഓണാട്ടുകര കാർഷികോത്സവം 2023 ഡിസംബർ 27 മുതൽ 31വരെ ആലപ്പുഴ ജില്ലിയിലെ ആവണി ഗ്രൗണ്ട് പറയംകുളം ചാരുമൂട് വച്ച് നടന്നുവരുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശനം, കന്നുകാലി പ്രദർശനം, കാർഷിക സ്റ്റാളുകൾ, കാർഷിക സെമിനാർ, കാർഷിക മത്സരം, നാടൻ ഭക്ഷ്യമേള, വിദ്യാർത്ഥികളുടെ ക്വിസ് മത്സരം, സർക്കാർ സർക്കാരേതര സ്റ്റാളുകൾ, കലാ-സാംസ്കാരിക സായാഹ്നങ്ങൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

## പരിശീലന പരിപാടി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കൃഷി വകുപ്പിന്റെ എറണാകുളം, തൃശ്ശൂർ ജില്ലകളുടെ പരിശീലന കേന്ദ്രമായ മരട് ആർ.എ.റ്റി.റ്റി.സിയിൽ നിർമിത ബുദ്ധിയും കൃഷിയും, കൃഷിയിൽ ഡ്രോണിന്റെ ഉപയോഗം, ഡിജിറ്റിൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി Smart Agriculture for Smart Farming എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2024 ജനുവരി 4, 5 തിയതികളിൽ നടക്കുന്ന ഈ ദ്വിദിന പരിശീലനത്തിൽ പങ്കടുക്കുന്നതിന് താൽപര്യമുള്ള എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കർഷകർ **0484 2703838, 9383470961** എന്നീ നമ്പറുകളിൽ ഓഫീസ് പ്രവർത്തി ദിനങ്ങളിൽ രാവിലെ 10.30 മുതൽ 3.30 വരെ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കു മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കു.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ 2024 ജനുവരി 02 മുതൽ 04 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിലിലോ ബന്ധപ്പെടേണ്ടതാണ്.